(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയുടെ റാങ്ക്‌ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ഡ്രൈവർ തസ്തികയിലെ റാങ്ക് ലിസ്റ്റ്

50 (1601) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ വിവിധ വകുപ്പുകളിൽ ഒഴിവുള്ള ഡ്രൈവർമാരുടെ തസ്തികകളിലേക്ക് പി.എസ്.സി. എഴുത്തു പരീക്ഷയും ഇന്റർവ്യൂവും യോഗ്യതാ പരിശോധനയും നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ ആയത് പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട് സ്പെഷ്യൽ റൂളുകൾ തയ്യാറാക്കുന്നതിനുള്ള കാലതാമസം

51 (1602) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പുതുതായി പി.എസ്.സി.ക്ക് വിട്ടത് എന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇതു സംബന്ധിച്ച സ്പെഷ്യൽ റൂളുകൾ ഇനിയും തയ്യാറാക്കാനുള്ളത് എന്നറിയിക്കുമോ ;

(സി) നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട് വർഷങ്ങളായിട്ടും ഇതിനായി സ്പെഷ്യൽ റൂളുകൾ തയ്യാറാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) ഇനിയും ഇത്തരത്തിൽ സ്പെഷ്യൽ റൂളുകൾ തയ്യാറാക്കാത്ത സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി ഇത്തരം സ്പെഷ്യൽ റൂളുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ വേണ്ട അടിയന്തര നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഫീഡ്സ് ലിമിറ്റഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റ് എന്നിവ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. 9-5-2008-ലെ G.O. (Ms)84/08/AD പ്രകാരം കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുവാൻ തീരുമാനിക്കുകയുണ്ടായി. 1971-ലെ കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ് റൂൾസിൽ പ്രസ്തുത സ്ഥാപനത്തെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ റൂൾസ് നിലവിൽ വരാത്തതിനാൽ ടി സ്ഥാപനങ്ങളിലെ നിയമന നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. 18-12-2010-ലെ സ.ഉ.(എം.എസ്) നം.399/10/ഉ.വി.വ. പ്രകാരം സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

നോർക്ക-റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ കേന്ദ്രങ്ങൾ

52 (1603) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക-റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ കേന്ദ്രങ്ങൾ ഇപ്പോൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നതിന്റെയും ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനായി വയനാട് ജില്ലയിൽ നിന്നും ഈ വർഷം എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെയും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നതിന്റെയും താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) സംസ്ഥാനത്ത് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നോർക്ക-റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ കേന്ദ്രങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly